File No.SJD/957/2020-D2

# വിജ്ഞാപനം

സാമൂഹ്യ നീതി വകുപ്പിനു കീഴിൽ മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്നവർക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ അനുവദനീയമായ എണ്ണത്തെക്കാൾ അധികമുള്ള താമസക്കാരെയും ആശാ ഭവനുകളിൽ താമസിക്കുന്ന മാനസിക രോഗ നിയന്ത്രണവിധേയമായവരെയും പുനരധിവസിപ്പിക്കുന്നതിനായി NGO പങ്കാളിത്തം ഉറപ്പു വരുത്തുന്ന 'പ്രതീക്ഷാ പദ്ധതി' – യ്ക്ക് സർക്കാർ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്നവരെ പരിപാലിക്കുന്നതിനായി പരിചയസമ്പന്നരായ NGO –കൾക്ക് നിശ്ചിത നിരക്കിൽ ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിയാണിത്. ഒരാൾക്ക് ഒരു വർഷത്തേയ്ക്ക് 39,700/– രൂപ ഗ്രാന്റായി അനുവദിക്കുന്നതാണ്. ഈ സാഹചര്യത്തിൽ ഈ മേഖലയിൽ പരിചയസമ്പന്നരായ NGO–കളിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചുകൊള്ളുന്നു. താത്പര്യമുള്ളവർ 30–07–2020 തീയതിയ്ക്കുള്ളിൽ സാമൂഹ്യ നീതി ഡയറക്ടർ, വികാസ് ഭവൻ, 5th ഫ്ലോർ, പി.എം.ജി, തിരുവനന്തപുരം –695 033 എന്ന വിലാസത്തിൽ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങളും, നിബന്ധനകളും വകുപ്പിന്റെ sjd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി.